(ബി) ഈ പ്രദേശത്തെ സർവ്വതോൻമുഖമായ വികസനത്തിനു ഉതകുന്ന പട്ടാമ്പി താലൂക്ക് രൂപീകരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

വിദേശ ഇന്ത്യക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി

2003 [3089] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, കെ. പി. എ. മജീദ്:
,, നാലകത്ത് സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഇന്ത്യക്കാർക്കായുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി പ്രകാരം എത്രപേർ രജിസ്റ്റർ ചെയ്തു;

(ബി) രജിസ്റ്റർ ചെയ്തവരിൽ എത്രപേർ അപേക്ഷ സമർപ്പിച്ചു;

(സി) അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് അലോട്ടുമെൻറായി;

(ഡി) അലോട്ടുമെൻറായതിൽ വീടുകൾ എത്ര, ഫ്ളാറ്റുകൾ എത്ര; പ്ലോട്ടുകൾ എത്ര?

ഉത്തരം

(എ) 301 പേർ രജിസ്റ്റർ ചെയ്തു.

(ബി) കൊച്ചി കേന്ദ്രത്തിലെ തൃക്കാക്കര ഹൗസിംഗ് സ്കീമിൽ 60 പേരും തിരുവല്ല ഹൗസിംഗ് സ്കീമിൽ 16 പേരും സെയിൽ പ്ലോട്ടിനുവേണ്ടിയും തിരുവല്ലയിൽ മൂന്നുപേർ ഫ്ളാറ്റിനുവേണ്ടിയും അപേക്ഷിച്ചിട്ടുണ്ട്.

(സി) 56 പേർക്ക് അലോട്ടുമെൻറായി

(ഡി) തിരുവല്ലായിലും കൊച്ചി കേന്ദ്രത്തിൽ തൃക്കാക്കരയിലും യഥാക്രമം 18-ഉം 38-ഉം സെയിൽ പ്ലോട്ടുകളാണ് അലോട്ട് ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ വീടോ ഫ്ളാറ്റോ ഇതുവരെ ആർക്കും അലോട്ട് ചെയ്തിട്ടില്ല.

വനഭൂമിയിലെ കൈവശ കൃഷിക്കാരെ സംബന്ധിച്ച വിവരം

2004 [2090] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയിലെ കൈവശകൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെൻറ് ആവശ്യപ്പെട്ട വിശദീകരണങ്ങൾ സംസ്ഥാന ഗവൺമെൻറ് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് എന്തെങ്കിലും തീരുമാനം എടുത്ത് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

സർവ്വേ വകുപ്പിലെ കണ്ടിജൻറ് ജീവനക്കാരുടെ ശമ്പള വർദ്ധനവ്

2005 [3091] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ആഗസ്റ്റ് മാസം 6–ാം തീയതിയിലെ ഗവ. പ്രഖ്യാപനമനുസരിച്ച് പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർക്ക് 60 മുതൽ 70 രൂപവരെ ശമ്പളവർദ്ധനവ് ഉണ്ടാകുമെന്ന് പറഞ്ഞതനുസരിച്ച് സർവ്വേ വകുപ്പിലെ കണ്ടിജൻറ് ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോൾ എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള രണ്ടു സ്ലാബുകളിൽ ശമ്പളം പറ്റുന്ന പാർട്ട് ടൈംകാർ വൃത്തിയാക്കേണ്ട സ്ഥലവിസ്തീർണ്ണം നിജപ്പെടുത്തുകയും ചെറിയ ഓഫീസുകളിൽ പാർട്ടൈം തൂപ്പുകാരുടെ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് 16–8–1986–ലെ സർക്കാർ ഉത്തരവ് ജി. ഒ. (പി) 550/36/ഫിൻ പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവ്, കേരളത്തിലെ എല്ലാ പാർട്ടൈം കണ്ടിജൻറ് ജീവനക്കാർക്കും ബാധകമാണ്. ഇതനുസരിച്ച്, പാർട്ടൈം ജീവനക്കാർക്ക് ശമ്പളവർദ്ധനവ് പ്രഖ്യാപിച്ചിട്ടില്ല. നാലാം ശമ്പള കമ്മീഷൻ ശുപാർശചെയ്ത ശമ്പളം തന്നെയാണ് 16–8–1986–ലെ ഉത്തരവിലും പറഞ്ഞിരിക്കുന്നത്. ഇതിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ക്ഷാമബത്തകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാത്രം. സർവ്വേ ഡിപ്പാർട്ടുമെൻറിലെ കണ്ടിജൻറ് ജീവനക്കാർക്ക് ഇതനുസരിച്ചുള്ള ശമ്പളം കൊടുത്തു വരുന്നു.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ദിവസക്കൂലിക്ക് റവന്യൂ വകുപ്പിൽ നിയമിച്ച ഡ്രൈവർമാർ

2006 [3092] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൻെറ കീഴിൽ ദിവസക്കൂലിക്ക് ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേരെ?

LIBRARY ARCHIVES Kerala Legislative Assembly